**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 139** **27-01-2026 - ൽ മറുപടിയ്ക്ക്**

**വിജിലൻസ് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ വകുപ്പുകളിൽ ഏത് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് ഏറ്റവും കൂടുതൽ വിജിലൻസ് അന്വേഷണം നടക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | അഴിമതി നടന്നതിനുശേഷം അന്വേഷിക്കുക എന്നതിന് വ്യത്യസ്തമായി അതിന് അവസരം നൽകാതെ ആരംഭത്തിൽ തന്നെ ഉൻമൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ വിവിധ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ വിജിലൻസ് ബ്യൂറോ സ്വീകരിച്ചിട്ടുണ്ട്.<br><br>കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും വിജിലൻസ് നടപടിയെടുത്തുവരുന്നുണ്ട്. ആർ.പി.എഫ്, സെൻട്രൽ ജി.എസ്.ടി, കസ്റ്റംസ്, സി.ഐ.എസ്.എഫ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ഡെപ്യൂട്ടി ജനറൽ മാനേജർ ഉൾപ്പെടെയുള്ളവർക്കെതിരെ വിജിലൻസ് കേസുകൾ എടുത്തിട്ടുണ്ട്. വിജിലൻസ് നടപടികളുടെയും ശിപാർശകളുടെയും ഫലമായി മോട്ടോർ വാഹന വകുപ്പിന്റെ ബോർഡർ ചെക്ക് പോസ്റ്റ് രാത്രികാലങ്ങളിൽ നിർത്തലാക്കി. പത്ത് വകുപ്പുകളുടെ പേരുകളും വിജിലൻസ് അന്വേഷണത്തിന്റെ എണ്ണവും സംബന്ധിച്ചുള്ള മുൻഗണന ക്രമത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വിജിലൻസ് അന്വേഷണത്തിൽ ഏറ്റവും മുൻപിലുള്ള പത്ത് വകുപ്പുകളുടെ പേരുകളും വിജിലൻസ് അന്വേഷണത്തിന്റെ എണ്ണവും മുൻഗണന ക്രമത്തിൽ വിശദമാക്കാമോ; | (ബി) | അഴിമതി നടന്നതിനുശേഷം അന്വേഷിക്കുക എന്നതിന് വ്യത്യസ്തമായി അതിന് അവസരം നൽകാതെ ആരംഭത്തിൽ തന്നെ ഉൻമൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ വിവിധ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ വിജിലൻസ് ബ്യൂറോ സ്വീകരിച്ചിട്ടുണ്ട്.<br><br>കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും വിജിലൻസ് നടപടിയെടുത്തുവരുന്നുണ്ട്. ആർ.പി.എഫ്, സെൻട്രൽ ജി.എസ്.ടി, കസ്റ്റംസ്, സി.ഐ.എസ്.എഫ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ഡെപ്യൂട്ടി ജനറൽ മാനേജർ ഉൾപ്പെടെയുള്ളവർക്കെതിരെ വിജിലൻസ് |

| | | | |
|---|---|---|---|
| | | | കേസുകൾ എടുത്തിട്ടുണ്ട്. വിജിലൻസ് നടപടികളുടെയും ശിപാർശകളുടെയും ഫലമായി മോട്ടോർ വാഹന വകുപ്പിന്റെ ബോർഡർ ചെക്ക് പോസ്റ്റ് രാത്രികാലങ്ങളിൽ നിർത്തലാക്കി. പത്ത് വകുപ്പുകളുടെ പേരുകളും വിജിലൻസ് അന്വേഷണത്തിന്റെ എണ്ണവും സംബന്ധിച്ചുള്ള മുൻഗണന ക്രമത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ലകൾ തിരിച്ച് വിശദമാക്കാമോ? | (സി) | മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ അനധികൃതസ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തകേസുകളുടെ എണ്ണം ജില്ലകൾ തിരിച്ച് ചുവടെ ചേർക്കുന്നു. |

| ക്രമനം. | ജില്ല | കേസുകളുടെ എണ്ണം |
|---|---|---|
| 1 | കൊല്ലം | 1 |
| 2 | തൃശ്ശൂർ | 1 |
| 3 | കോഴിക്കോട് | 3 |
| 4 | കണ്ണൂർ | 3 |
| 5 | കാസർഗോഡ് | 2 |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ക്രമ നം. | വകുപ്പ് | വിജിലൻസ് അന്വേഷണങ്ങളുടെ എണ്ണം |
|---|---|---|
| 1 | തദ്ദേശസ്വയം ഭരണ വകുപ്പ് | 41 |
| 2 | റവന്യൂ വകുപ്പ് , സഹകരണ വകുപ്പ് | 26 വീതം |
| 3 | പൊതുമരാമത്ത് വകുപ്പ് | 15 |
| 4 | ആരോഗ്യ വകുപ്പ് , പോലീസ് | 9 വീതം |
| 5 | വനം വകുപ്പ് | 6 |
| 6 | കേരള സംസ്ഥാന പട്ടിക ജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ | 5 |
| 7 | മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് , വിദ്യാഭ്യാസ വകുപ്പ് , കൃഷി വകുപ്പ് | 4 വീതം |
| 8 | വ്യവസായം, ഫിഷറീസ് വകുപ്പ് | 3 വീതം |
| 9 | ബിവറേജസ് കോർപ്പറേഷൻ, ഇലക്ട്രിസിറ്റി ബോർഡ്, ജലവിഭവ വകുപ്പ് , വഖഫ് ബോർഡ്, ട്രഷറി | 2 വീതം |
| 10 | ഖാദി ബോർഡ്, കെ.എസ്.ടി.പി, മോട്ടോർ വെഹിക്കിൾ വകുപ്പ്, തുറമുഖം, എക്സൈസ്, ഇറിഗേഷൻ, കേരള ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഹോമിയോ വകുപ്പ്, ശാസ്ത്ര സാങ്കേതിക വകുപ്പ്, പൊതുവിതരണം, ദേവസ്വം, തൊഴിൽ വകുപ്പ്, ഫയർ ഫോഴ്സ്, കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി, സ്പൈസസ് ബോർഡ്, ജയിൽ വകുപ്പ്, സിവിൽ സപ്ലൈസ്, I&PRD, ലീഗൽ മെട്രോളജി, KIITS, Traders Welfare Board | 1 വീതം |